നടപ്പിലാക്കിവരുന്നുണ്ട്. സന്ദർശകരെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.

(ബി) ഇല്ല. മിഷൻ 676-ൽ "എല്ലാവർക്കും കുടിവെള്ളം" എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കഴിഞ്ഞ സർക്കാരിന്റെകാലത്ത് ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പൂന്തോട്ട നവീകരണവും നടപ്പാത നിർമ്മാണവും പൂർത്തീകരിച്ചു.

ശിരുവാണി ഡാമിലെ ഉദ്യോഗസ്ഥർ തൊഴിലുറപ്പു പദ്ധതിയുടെ തുക വകമാറ്റി ചെലവാക്കിയത്

164 (6869) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിരുവാണി ഡാമിലെ ഉദ്യോഗസ്ഥർ തൊഴിലുറപ്പു പദ്ധതിയുടെ തുക വകമാറ്റി ചെലവാക്കി ദുർവിനിയോഗം നടത്തിയെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൊഴിലുറപ്പു പദ്ധതിയുടെ ഏതെങ്കിലും ജോലികൾ ശിരുവാണി പദ്ധതി പ്രദേശത്ത് നടപ്പിലാക്കുവാൻ ജലസേചന വകുപ്പ് ആർക്കും അനുവാദം നൽകിയിട്ടില്ല. തൊഴിലുറപ്പിന്റെ ഫണ്ട് ശിരുവാണി പദ്ധതിയിലേക്ക് നൽകിയിട്ടുമില്ല. ആയതിനാൽ തൊഴിലുറപ്പു പദ്ധതിയുടെ തുകവകമാറ്റി വിനിയോഗിച്ചിട്ടില്ല.

(ബി) ബാധകമല്ല.

ഭൂഗർഭ ജല സംരക്ഷണം

165 (6870) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലവിതാനം അപകടകരമാംവിധം താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂഗർഭജലം പരിരക്ഷിക്കുന്നതിനും ആയതിന്റെ പുനഃസംഭരണത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; അതിനായി 2012-13, 2013-14 വർഷത്തിൽ എന്തു തുക വകയിരുത്തി ; എന്തു തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly